**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4366** **18-07-2022 - ൽ മറുപടിയ്ക്ക്**

**കേപ്പിന് കീഴിലെ പുന്നപ്ര സാഗര സഹകരണ ആശുപത്രി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം** | | **ശ്രീ. വി.എൻ വാസവൻ (സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി)** | |
| (എ) | കേപ്പിന് കീഴിലെ പുന്നപ്ര സാഗര സഹകരണ ആശുപത്രിയിൽ നിലവിൽ ഏതൊക്കെ ഡിപ്പാർട്ട്മെന്റുകളിലായി എത്രപേർ ജോലി ചെയ്യുന്നുണ്ട്; എന്തൊക്കെ സൗകര്യങ്ങളാണ് ഈ ആശുപത്രിയിലുള്ളത്; വിശദമാക്കാമോ; | (എ) | കേപ്പിന്റെ കീഴിൽ പുന്നപ്രയിലുള്ള സാഗര ആശുപത്രിയിൽ താഴെ പറയുന്ന 16 ഡിപ്പാർട്ട്മെന്റുകൾ പ്രവർത്തിച്ചുവരുന്നു. ടി ഡിപ്പാർട്ട്മെന്റുകളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.<br><br>1. ജനറൽ മെഡിസിൻ<br>2. ജനറൽ സർജറി<br>3. ഓർത്തോ പീഡിക്<br>4. ന്യൂറോളജി<br>5. ന്യൂറോ സർജറി<br>6. നെഫ്രോളജി<br>7. കാർഡിയോതൊറാസിക് സർജറി<br>8. ഗൈനക്കോളജി<br>9. ഓങ്കോളജി സർജറി<br>10. ഡെർമറ്റോളജി<br>11. പീഡിയാട്രിക്സ്<br>12. ഡന്റിസ്ട്രി<br>13. ഒഫ്ത്താൽമോളജി<br>14. ഐ.സി.യു<br>15. ഇ.എൻ.റ്റി<br>16. സൈക്യാട്രി<br><br>മേൽപ്പറഞ്ഞ ഡിപ്പാർട്ട്മെന്റുകളിലായി 252 പേർ ജോലി ചെയ്യുന്നു. ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു.<br><br>1 \| Doctors \| 37<br>2 \| Office \| 8<br>3 \| MRD \| 3<br>4 \| Reception Dept. \| 11<br>5 \| Pharmacy \| 7<br>6 \| X-Ray \| 6<br>7 \| Anasthesia Dept. \| 3 |

<table>
<tr><td></td><td></td><td></td><td>
<table>
<tr><td>8</td><td>Lab</td><td>6</td></tr>
<tr><td>9</td><td>Physiotherapy</td><td>2</td></tr>
<tr><td>10</td><td>Dietician</td><td>1</td></tr>
<tr><td>11</td><td>ECG</td><td>4</td></tr>
<tr><td>12</td><td>Dialysis</td><td>5</td></tr>
<tr><td>13</td><td>BME</td><td>1</td></tr>
<tr><td>14</td><td>Helpers</td><td>10</td></tr>
<tr><td>15</td><td>Autoclave Asst.</td><td>1</td></tr>
<tr><td>16</td><td>Electrician</td><td>3</td></tr>
<tr><td>17</td><td>Security</td><td>7</td></tr>
<tr><td>18</td><td>STP Operator</td><td>1</td></tr>
<tr><td>19</td><td>Driver</td><td>4</td></tr>
<tr><td>20</td><td>Cleaning staff</td><td>59</td></tr>
<tr><td>21</td><td>Lift</td><td>3</td></tr>
<tr><td>22</td><td>Operation Theatre</td><td>14</td></tr>
<tr><td>23</td><td>Cath lab/CCU</td><td>10</td></tr>
<tr><td>24</td><td>Casuality</td><td>11</td></tr>
<tr><td>25</td><td>ICU</td><td>8</td></tr>
<tr><td>26</td><td>Ward & Payward</td><td>13</td></tr>
<tr><td>27</td><td>Labour room</td><td>10</td></tr>
<tr><td>28</td><td>Dialysis</td><td>4</td></tr>
<tr><td colspan="2">Total</td><td>252</td></tr>
</table>
ലബോറട്ടറി, ഇ.സി.ജി, റ്റി.എം.റ്റി, എക്കോ, ഡയാലിസിസ്, എക്സ്റേ, സി.റ്റി. സ്കാൻ, ഐ.സി.യു, സി.സി.യു, ഫിസിയോ തെറാപ്പി സൗകര്യങ്ങളും 175 കിടക്കകളും 24 മണിക്കൂർ കാഷ്വാലിറ്റി സൗകര്യങ്ങളും ആശുപത്രിയിൽ ലഭ്യമാണ്.
</td></tr>
<tr><td>(ബി)</td><td>ഇവിടെ പുതിയ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;</td><td>(ബി)</td><td>01.06.2022-ന് ചേർന്ന കേപ്പ് ഗവേണിംഗ് കൗൺസിൽ, ആശുപത്രിയിലെ പ്രവർത്തനം ലാഭകരമായശേഷം മാത്രം സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോയാൽ മതിയെന്ന തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.</td></tr>
<tr><td>(സി)</td><td>കേപ്പിന് കീഴിലുള്ള ആശുപത്രികളിൽ നേഴ്സിംഗ്, പാരാമെഡിക്കൽ എന്നീ കോഴ്സുകൾ പഠിക്കുന്നതിന് എന്തൊക്കെ സൗകര്യങ്ങളാണുള്ളത്; വ്യക്തമാക്കാമോ;</td><td>(സി)</td><td>നഴ്സിംഗ് കോഴ്സ് ആരംഭിക്കാൻ വേണ്ട അടിസ്ഥാന സൗകര്യങ്ങൾ നിലവിലുള്ള ആശുപത്രിയിൽ ഇല്ല. ഡയാലിസിസ് ടെക്നീഷ്യൻ കോഴ്സ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.</td></tr>
<tr><td>(ഡി)</td><td>പുന്നപ്ര സാഗര സഹകരണ ആശുപത്രിയിൽ നേഴ്സിംഗ്, പാരാമെഡിക്കൽ എന്നീ കോഴ്സുകൾ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?</td><td>(ഡി)</td><td>നഴ്സിംഗ് കോഴ്സ് ആരംഭിക്കാൻ വേണ്ട അടിസ്ഥാന സൗകര്യങ്ങൾ നിലവിലുള്ള ആശുപത്രിയിൽ ഇല്ല. ഡയാലിസിസ് ടെക്നീഷ്യൻ കോഴ്സ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.</td></tr>
</table>

സെക്ഷൻ ഓഫീസർ